റിപ്പോർട്ട്

● എച്ച്. ശഹീർ

# ടി.കെയുടെ ദക്ഷിണ കേരള പര്യടനം

മുപ്പതു വർഷത്തെ ഇടവേളക്കു ശേഷം ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ശൂറാ അംഗം ടി.കെ അബ്ദുല്ലാ സാഹിബ് ദക്ഷിണ കേരളത്തിൽ നടത്തിയ പര്യടനം മേഖലയിലെ പ്രവർത്തകർക്ക് ആവേശകരമായ അനുഭവമായി. ആദ്യകാല പ്രവർത്തകർക്ക് ടി.കെയെ കാണാനും ഓർമകൾ പങ്കുവെക്കാനും പ്രസ്ഥാന ചരിത്രം അനുസ്മരിക്കാനും അവസരം ലഭിച്ചു. പ്രസ്ഥാനം സ്വീകരിക്കുന്ന നയനിലപാടുകളുടെ ഇസ്‌ലാമികാടിത്തറയും നിരന്തരം ഉന്നയിക്കപ്പെടുന്ന വിമർശനങ്ങൾക്കുള്ള മറുപടിയുമെല്ലാം വിശദീകരിക്കപ്പെട്ട മൂന്നു മണിക്കൂറോളം നീണ്ടുനിന്ന പ്രഭാഷണങ്ങളും ചോദ്യോത്തരങ്ങളും പ്രവർത്തകരുടെ വൈജ്ഞാനിക വളർച്ചക്കും കാഴ്ചപ്പാടുകളുടെ വികാസത്തിനും പ്രസ്ഥാനബോധം ഊട്ടിയുറപ്പിക്കുന്നതിനും ഏറെ പ്രയോജനപ്പെട്ടു.

2008 മാർച്ച് 8 മുതൽ 13 വരെ എറണാകുളം, തൃശൂർ, കൊല്ലം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലായിരുന്നു പര്യടനം. ഓരോ ജില്ലയിലും നടന്ന സമ്മേളനങ്ങളിൽ പ്രവർത്തകരുടെ വർധിച്ച പങ്കാളിത്തമുണ്ടായി.

മാർച്ച് 8-ന് രാവിലെ ആലുവ ടൗൺഹാളിൽ സംഘടിപ്പിച്ച സമ്മേളനത്തോടെയായിരുന്നു പര്യടന പരിപാടികളുടെ ആരംഭം. രണ്ടായിരത്തിലേറെ പ്രവർത്തകർ പങ്കെടുത്ത സമ്മേളനത്തിൽ ടി.കെ മൂന്നരമണിക്കൂറാണ് സദസ്സിനെ അഭിസംബോധന ചെയ്തത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദർശം, നയപരിപാടികൾ, ചരിത്രം, കേരളീയ മുസ്‌ലിം സമൂഹം തുടങ്ങിയ വിഷയങ്ങൾ സ്വതസിദ്ധമായ ശൈലിയിൽ ടി.കെ അവതരിപ്പിച്ചു.

'ഇബ്നു തൈമിയക്കും ഇമാം ഗസ്സാലിക്കും സമശീർഷനായ ഈ കാലഘട്ടത്തിലെ മുജദ്ദിദാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. എതിരാളികൾ പോലും സമ്മതിക്കുന്നതാണിത്. സുഊദി ഭരണകൂടം ഫൈസൽ അവാർഡ് നൽകാൻ ഒന്നാമത് തെരഞ്ഞെടുത്തത് മൗദൂദിയെയായിരുന്നു. മദീനാ യൂനിവേഴ്സിറ്റിയുടെ സിലബസ് തയാറാക്കിയതും മൗദൂദിയാണ്. വിഭജനാനന്തരം ഇന്ത്യൻ മുസ്‌ലിംകൾ സ്വീകരിക്കേണ്ട രാഷ്ട്രീയ സമീപനത്തെക്കുറിച്ചു ചോദിച്ചപ്പോൾ പ്രായോഗികരംഗത്ത് പല ഉദാര സമീപനങ്ങളും സ്വീകരിക്കേണ്ടി വരുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു;' പ്രഭാഷണത്തിൽ ടി.കെ വ്യക്തമാക്കി.

'ആദർശപരമായ ഭദ്രതയും സംഘടനാപരമായ കെട്ടുറപ്പുമാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഒരു പ്രത്യേകത. രൂപീകരണകാലം മുതൽ ഇന്നുവരെ നിരവധി പ്രതിസന്ധികൾ ഉയർന്നുവന്നിട്ടും അവയെല്ലാം അതിജീവിക്കാൻ പ്രസ്ഥാനത്തിന് സാധിച്ചത് ആദർശഭദ്രതയും സംഘടനാ കെട്ടുറപ്പും കൊണ്ടാണ്. അതുകൊണ്ട് അത് നിലനിർത്താൻ പ്രവർത്തകർ ജാഗ്രത പുലർത്തണം. എന്നാൽ നയപരിപാടികളിൽ കുറേയൊക്കെ വിശാലത കൈക്കൊള്ളാനും നാം ശ്രദ്ധിക്കണം. ഇജ്തിഹാദിനെക്കുറിച്ച് അറിയാത്തവരാണ് പ്രസ്ഥാനം സ്വീകരിക്കുന്ന നയനിലപാടുകളെ



ജ. ഇ. എറണാകുളം ജില്ലാ സമിതി ആലുവയിൽ സംഘടിപ്പിച്ച പ്രവർത്തക കൺവൻഷനിൽ ടി.കെ മുഖ്യപ്രഭാഷണം നടത്തുന്നു

വിമർശിക്കുന്നത്. മുമ്പ് നമ്മോട് എതിർപ്പുണ്ടായിരുന്ന വ്യക്തികളും സ്ഥാപനങ്ങളും ഇന്ന് നമ്മോട് അടുത്തു കൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് പ്രസ്ഥാനത്തെ ഏറെ എതിർത്തിരുന്ന വടക്കേ ഇന്ത്യയിലെ ദയൂബന്ത് സ്ഥാപനങ്ങൾ ഇന്ന് നമ്മോട് ഏറെ അടുപ്പത്തിലാണ്.

'ജമാഅത്ത് സംവാദങ്ങളെ സ്വാഗതം ചെയ്യുന്നു. മറ്റുപല സംഘടനകളും സംവാദങ്ങൾ ഇഷ്ടപ്പെടുന്നില്ല. കാളപ്പൂട്ട് വാദപ്രതിവാദങ്ങളിലാണ് അവർക്കു താൽപര്യം. വാദപ്രതിവാദങ്ങളിലെ ജയവും തോൽവിയും തീരുമാനിക്കുന്നത് ജനങ്ങളാണ്. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഇവിടെ കിട്ടിയത് മാന്യമായ എതിരാളികളെയല്ല. ഒരു കാലത്ത് *അൽബയാൻ*, *ഹിദായത്ത്* തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ മൗദൂദിക്കെതിരെ കള്ളം എഴുതി പ്രസിദ്ധീകരിച്ചിരുന്നു. ഞാൻ കത്തെഴുതിയപ്പോൾ 'തെറ്റിയതാണ്, തിരുത്തു'മെന്ന് മറുപടി എഴുതി. പക്ഷേ, തെറ്റു തിരുത്തിയില്ലെന്നു മാത്രമല്ല; അടുത്ത ലേഖനത്തിൽ കൂടുതൽ മോശമായ കാര്യങ്ങൾ എഴുതുകയാണുണ്ടായത്.

'കേരളത്തിലെ മുസ്‌ലിം സംഘടനാ നേതാക്കളെ ഒന്നിച്ചിരുത്താനും ഐക്യ കരാറുകൾ ഉണ്ടാക്കാനും കേരളത്തിലും വിദേശത്തും ജമാഅത്ത് അവസരങ്ങളുണ്ടാക്കി. സുഊദിയിൽനിന്ന് വന്ന രണ്ട് സലഫീ പണ്ഡിതന്മാരുടെ സാന്നിധ്യത്തിൽ കോഴിക്കോട്ടുവെച്ച് ജമാഅത്ത് -മുജാഹിദ് നേതാക്കൾ സന്ധിസംഭാഷണങ്ങൾ നടത്തി. സലഫീ പണ്ഡിതനായ ഇബ്നു ബാസിന്റെ അധ്യക്ഷതയിൽ സംഭാഷണം നടത്താമെന്ന് ധാരണയാവുകയും ചെയ്തു. നടന്ന സന്ധിസംഭാഷണത്തിന്റെ കോപ്പി നമുക്ക് തരാമെന്ന് പറഞ്ഞെങ്കിലും തന്നില്ല. ശൈഖ് നാദിർ നൂരിയുടെ അധ്യക്ഷതയിൽ കുവൈത്തിൽവെച്ച് മറ്റൊരു ഐക്യ കരാർ ഒപ്പിട്ടെങ്കിലും ഉത്തരവാദപ്പെട്ടയാൾ നാട്ടിൽവന്ന് നിഷേധിക്കുകയായിരുന്നു.'

പ്രസ്ഥാനം നേരിടുന്ന വിമർശനങ്ങൾക്ക് മറുപടി പറയാൻ കഴിയുന്ന വൈജ്ഞാനിക യോഗ്യത പ്രവർത്തകർ ആർജിക്കണമെന്നും ദക്ഷിണ കേരളത്തിലെ വിദ്യാർഥികളെ പ്രസ്ഥാന സ്ഥാപനങ്ങളിൽ പഠിപ്പിക്കണമെന്നും ടി.കെ ആവശ്യപ്പെട്ടു. രണ്ടു മണിക്കൂർ നീണ്ട പ്രസംഗത്തിനുശേഷം ചോദ്യോത്തരമായിരുന്നു. ജ. ഇയുടെ ഇലക്ഷൻ നയം, സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾ, മുസ്‌ലിം തീവ്രവാദ ഗ്രൂപ്പുകൾ സൃഷ്ടിക്കുന്ന വിനകൾ, ഇടതുപക്ഷത്തോടുള്ള ആഭിമുഖ്യം, തൗഹീദ് മാത്രം പ്രബോധനം ചെയ്യാത്തതെന്തുകൊണ്ട് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ടി.കെ മറുപടി പറഞ്ഞു.

ഉച്ചക്കുശേഷം എറണാകുളം ജില്ലയിലെ ജമാഅത്ത്, വനിതാ വിംഗ്, സോളിഡാരിറ്റി, എസ്.ഐ.ഒ, ജി.ഐ.ഒ ജില്ലാസമിതിയംഗങ്ങളുടെ സംയുക്ത യോഗത്തിൽ മൂന്നരമണിക്കൂർ ടി.കെയുമായി ആശയവിനിമയം നടന്നു. തർബിയത്ത് പ്രവർത്തനങ്ങളിലെ സജീവത, നയനിലപാടുകളിൽ സ്വീകരിക്കേണ്ട ഹിക്മത്ത് തുടങ്ങിയവയിലൂന്നിയായിരുന്നു ചർച്ച.

മാർച്ച് 9-ന് ഞായറാഴ്ച രാവിലെ തിരുവനന്തപുരം പാളയം ഇസ്‌ലാമിക് സെന്ററിലായിരുന്നു അടുത്ത പരിപാടി. ആയിരത്തിലധികം പ്രവർത്തകർ പങ്കെടുത്ത പരിപാടിയിൽ ടി.കെ ഒന്നരമണിക്കൂർ സംസാരിച്ചു. ചോദ്യോത്തരം ഒരു മണിക്കൂർ നീണ്ടുനിന്നു. വൈകുന്നേരം കവടിയാറിൽ കുന്നിൽ ബശീർ സാഹിബിനെ സന്ദർശിച്ചു. ജ. ഇ മുൻ അഖിലേന്ത്യാ അമീർ അബ്ദുൽഹഖ് അൻസ്വാരിയുടെ സതീർഥ്യനാണ് ബഷീർ സാഹിബ്. വെഞ്ഞാറമ്മൂടിലെ മുസ്‌ലിം അസോസിയേഷന്റെ കീഴിലുള്ള 700 കുട്ടികൾ പഠിക്കുന്ന എഞ്ചിനീയറിംഗ് കോളേജിന്റെ ചെയർമാനാണ് അദ്ദേഹം. ഒട്ടേറെ അനുഭവങ്ങൾ ടി.കെയുമായി അദ്ദേഹം പങ്കുവെച്ചു.

മാർച്ച് 10-ന് തിങ്കളാഴ്ച കൊല്ലം ജില്ലയിലായിരുന്നു പരിപാടി. കണ്ണനല്ലൂർ അനുഗ്രഹ ഹാളിൽ സംഘടിപ്പിച്ച പ്രവർത്തക സംഗമമായിരുന്നു ആദ്യത്തേത്. മറ്റു സ്ഥലങ്ങളിൽനിന്ന് വ്യത്യസ്തമായി ചോദ്യോത്തരത്തോടെയാണ് പരിപാടി തുടങ്ങിയത്. ശേഷം തർബിയത്തീ പ്രധാനമായ പ്രഭാഷണം നടത്തി. വൈകുന്നേരം ഉമയനല്ലൂർ ഇസ്‌ലാമിയാ കോളേജ് വിദ്യാർഥികൾക്കുവേണ്ടി സംഘടിപ്പിച്ച പരിപാടിയിലും ടി.കെ പങ്കെടുത്തു. തന്റെ വിദ്യാർഥി ജീവിതത്തിലെ അനുഭവങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് ടി.കെ വിദ്യാർഥികളെ അഭിസംബോധന ചെയ്തത്. കാസർകോട് ആലിയാ അറബിക് കോളേജിൽ പഠിച്ചിരുന്ന കാലത്തെ കൊടിയ ദാരിദ്ര്യവും കഷ്ടപ്പാടുകളും വിവരിച്ച ടി.കെ പ്രയാസങ്ങൾ സഹിച്ച് പഠനത്തിൽ മുന്നേറാൻ ആഹ്വാനം ചെയ്തു. മാർച്ച് പതിനൊന്നിന് കാഞ്ഞിരപ്പള്ളിയിലായിരുന്നു പരിപാടി. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ പ്രവർത്തകരുടെ സംഗമമായിരുന്നു അവിടെ സംഘടിപ്പിച്ചത്. പ്രവർത്തകരിലെ ആദ്യതലമുറയിലെ ധാരാളം പേർ ടി.കെയെ കാണാൻ എത്തിയിരുന്നു. മറ്റുജില്ലകളിലേതിൽനിന്നു വ്യത്യസ്തമായ പ്രസംഗമായിരുന്നു കാഞ്ഞിരപ്പള്ളിയിലേത്. അറബി-ഉറുദു കവിതകൾ ഒഴുകി വന്ന പ്രസംഗം ഒന്നര മണിക്കൂർ നീണ്ടു. തുടർന്ന് ചോദ്യോത്തരമായിരുന്നു. ഇഖാമത്തുദ്ദീനിന്റെ സാധ്യതയും മുസ്‌ലിം ഐക്യവും ചർച്ചയിൽ പ്രാധാന്യപൂർവം കടന്നുവന്നു.

കാഞ്ഞിരപ്പള്ളിയിൽനിന്ന് ആലപ്പുഴയിലേക്കായിരുന്നു യാത്ര. 90 വയസ്സുള്ള, പ്രായാധിക്യംകൊണ്ട് അവശനായ അബ്ദുൽഹമീദ് സാഹിബിനെ സന്ദർശിക്കലായിരുന്നു ലക്ഷ്യം. ഹമീദ് സാഹിബ് ആവേശത്തോടെ ടി.കെയെ കാത്തിരിക്കുകയായിരുന്നു. ഒരു കാലത്ത് ടി.കെയുൾപ്പെടെയുള്ള പ്രസ്ഥാന നേതാക്കൾക്ക് നിരവധി തവണ ആതിഥ്യമരുളിയ ഹമീദ് സാഹിബിന്റെ വീട്ടിൽ പോവുകയെന്നത് ടി.കെയുടെ വലിയ ആഗ്രഹമായിരുന്നു. ഏതു പാതിരാത്രി കയറിച്ചെന്നാലും സ്നേഹപൂർവം സ്വീകരിക്കുകയും ഇഷ്ടാനുസാരം ഭക്ഷണമുണ്ടാക്കി സൽകരിക്കുകയും ചെയ്യാറുണ്ടായിരുന്നു ഹമീദ് സാഹിബും ഭാര്യയും. ഒമ്പതു വർഷം മുമ്പ് ഭാര്യ മരണപ്പെട്ടു. ഹമീദ് സാഹിബും ടി.കെയും തമ്മിലുള്ള കൂടിക്കാഴ്ച ഹൃദ്യവും കണ്ണീരണിയിക്കുന്നതുമായ അനുഭവമായിരുന്നു. പഴയകാല പ്രവർത്തനങ്ങൾ, ആദ്യകാല പ്രവർത്തകർക്കിടയിലെ പരസ്പരബന്ധം, അഖിലേന്ത്യാ നേതാക്കളുടെ സന്ദർശനം, ഹമീദ് സാഹിബിന്റെ വീട്ടിലുള്ള അവരുടെ താമസം, മുൻ അഖിലേന്ത്യാ അമീർ മൗലാനാ യൂസുഫ് സാഹിബിന്റെ രാത്രി രണ്ടരമണിക്ക് എഴുന്നേറ്റു കുളിച്ച് തഹജ്ജുദ് നമസ്കരിച്ചുള്ള പ്രാർഥന, നേതാക്കൾക്ക് അനുയായികളോടുണ്ടായിരുന്ന സ്നേഹോഷ്മളമായ പെരുമാറ്റം തുടങ്ങിയ ഹൃദയസ്പൃക്കായ അനുഭവങ്ങൾ ഹമീദ് സാഹിബ് അയവിറക്കി. തെക്കൻ കേരളത്തിൽ ഹസ്സൻബാവ മാസ്റ്റർ മുമ്പ് നടത്തിയ ചിന്തോദ്ദീപകമായ പ്രസംഗങ്ങൾ, മാർക്സിസ്റ്റു പാർട്ടിയിൽനിന്നു ജ. ഇയിലേക്കുവന്ന ചില പ്രവർത്തകർ ഇഖാമത്തുദ്ദീനിനെ കുറിച്ച് നടത്തിയ വിപ്ലവകരമായ തീപ്പൊരി പ്രസംഗങ്ങൾ തുടങ്ങിയവ ടി.കെ അനുസ്മരിച്ചു. ഹമീദ് സാഹിബിനോടൊന്നിച്ചായിരുന്നു രാത്രി

ഭക്ഷണം. ഉറങ്ങാൻ മറ്റൊരു വീട്ടിലായിരുന്നു സൗകര്യമൊരുക്കിയിരുന്നത്. പക്ഷേ, ടി.കെക്കും ഹമീദ് സാഹിബിനും സംസാരം നിർത്തി പിരിയാൻ കഴിയുന്നില്ല. ഇസ്ലാമിക പ്രവർത്തകരുടെ സാഹോദര്യ ബന്ധത്തിന്റെ ആഴം ചൂണ്ടിക്കാണിക്കുന്നതായിരുന്നു ആ കൂടിക്കാഴ്ച.

12-ാം തീയതി ബുധനാഴ്ച രാവിലെ പത്തുമണിക്ക് ആലപ്പുഴ റെയ്ബാൻ ഹാളിലായിരുന്നു പരിപാടി. പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ സ്വഭാവവും ജമാഅത്ത് അന്തർദേശീയ-ദേശീയ-സംസ്ഥാന തലങ്ങളിൽ സ്വീകരിക്കുന്ന നയപരിപാടികളുടെ സ്വഭാവവും വിശദീകരിച്ച പ്രൗഢോജ്ജ്വല പ്രഭാഷണമായിരുന്നു ടി.കെയുടേത്. തുടർന്ന് ചോദ്യോത്തര സെഷനായിരുന്നു. ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞത് ആലപ്പുഴയിലായിരുന്നു.

ആലപ്പുഴയിൽനിന്ന് തൃശൂരിലേക്കുള്ള യാത്രാമധ്യേ അബ്ദുന്നാസിർ മഅ്ദനിയെ സന്ദർശിച്ചു. നേരത്തെ തീരുമാനിച്ചതനുസരിച്ചായിരുന്നു സന്ദർശനം. പിതൃതുല്യമായ വാത്സല്യത്തോടെ മഅ്ദനി ടി.കെയെ സ്വീകരിച്ചു. ആനുകാലിക വിഷയങ്ങളെകുറിച്ച് ഒരു മണിക്കൂറിലേറെ ഇരുവരും സംസാരിച്ചു.

പര്യടനം പൂർത്തിയാക്കി മടങ്ങും വഴി തൃശൂരിലെ ഒരു പരിപാടിയിലും ടി.കെ സംബന്ധിച്ചു. വ്യാഴാഴ്ച രാവിലെ പത്തുമണിക്ക് കൊടുങ്ങല്ലൂരിലായിരുന്നു പരിപാടി. 80 വയസ്സുകാരോട് സംവദിക്കുന്ന *സബ്ഉൽ മുഅല്ലഖാതി*ലെ വരികൾ ഉദ്ധരിച്ചുകൊണ്ടാരംഭിച്ച പ്രസംഗവും ചോദ്യോത്തരവും ഒരു മണിക്ക് അവസാനിച്ചു.

ദക്ഷിണ കേരളത്തിലെ പ്രസ്ഥാന ചരിത്രത്തിലെയും ടി.കെയുടെ ജീവിതത്തിലെയും അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു ദക്ഷിണകേരള പര്യടനം. ■